342/2022/LSGD

"ഭരണഭാഷ- മാതൃഭാഷ"

2518
07/03/2022

24/2/22

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ- അക്രഡിറ്റഡ് ഏജൻസി -അക്രഡിറ്റേഷൻ കാലാവധിക്ക് ശേഷം ഏറ്റെടുത്ത പ്രവർത്തികൾ- അംഗീകാരം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്

സ.ഉ.(സാധാ) നം.342/2022/LSGD തീയതി,തിരുവനന്തപുരം, 16-02-2022

പരാമർശം:-

1. 16/07/2001- ലെ സ.ഉ(ആർടി)2334/2001/തസ്വഭവ
2. 30/03/2013-ലെ സ.ഉ. (എം.എസ്) നം. 133/2013/തസ്വഭവ.
3. 29/05/2015- ലെ സ.ഉ. (സാധാ) നം. 1604/2015/തസ്വഭവ.
4. 22/01/2016 ലെ ശുചിത്വ മിഷന്റെ നം. 2117/സി2/2015/എസ് എം നമ്പർ കത്ത്
5. 24/02/2016 ലെ സ.ഉ. (സാധാ) നം. 760/2016/തസ്വഭവ.
6. സോഷ്യോ എക്കണോമിക്ക് യൂണിറ്റ് ഫൗണ്ടേഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 18.11.2019 ലെ SEUF/TVM/ED/19/016 നമ്പർ കത്ത്.
7. 16/02/2021 ലെ ഡിഎ1/66/2016-തസ്വഭവ നമ്പർ സർക്കാർ കത്ത്.
8. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 22.10.2021 ലെ 2117/സി2/2015/എസ്.എം. നമ്പർ കത്ത്.
9. സോഷ്യോ എക്കണോമിക്ക് യൂണിറ്റ് ഫൗണ്ടേഷൻ (SEUF) എക്സിക്യൂട്ടീവ് ഡയറക്ടറുടെ 11.8.2021, 29.10.2021, 04.01.2022 തീയതികളിലെ കത്തുകൾ.
10. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷന്റെ 25.1.2022-ലെ 2022/164/എച്ച്. ക്യു നം കത്ത്.

<u>ഉത്തരവ്</u>

മേൽ പരാമർശം(1) പ്രകാരം സോഷ്യോ ഇക്കണോമിക്ക് യൂണിറ്റ് ഫൗണ്ടേഷന് (SEUF) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പദ്ധതികൾ നടപ്പാക്കുന്നതിന് അക്രഡിറ്റേഷനും, പരാമർശം(3) പ്രകാരം താൽകാലിക അക്രഡിറ്റേഷനും നൽകുകയുണ്ടായി.

2. മേൽ പരാമർശം(4) ൽ ശുചിത്വ മിഷൻ നൽകിയ ശുപാർശയുടെ

അടിസ്ഥാനത്തിൽ താൽകാലിക അക്രഡിറ്റേഷൻ ഒഴിവാക്കി SEUF എന്ന ഏജൻസിക്ക് സ്ഥിരമായ അക്രഡിറ്റേഷൻ നൽകി പരാമർശം(5) പ്രകാരം ഉത്തരവായി.

3. പരാമർശം(6) പ്രകാരം അക്രഡിറ്റേഷൻ പുതുക്കുന്നതിന് പുതുക്കിയ അപേക്ഷ സമർപ്പിക്കേണ്ടതുണ്ടോയെന്ന് അറിയിക്കണമെന്ന് സോഷ്യോ ഇക്കണോമിക്ക് യൂണിറ്റ് ഫൗണ്ടേഷൻ അപേക്ഷിച്ചിരുന്നു. അക്രഡിറ്റഡ് ഏജൻസികളുടെ സേവനം ഉപയോഗപ്പെടുത്തുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കുള്ള പരാമർശം (2) പ്രകാരമുള്ള മാർഗരേഖ ഖണ്ഡിക 7 (iii) ബി പ്രകാരം. ഒരിക്കൽ അക്രഡിറ്റേഷൻ നൽകിയാൽ അതിന്റെ പരമാവധി പ്രാബല്യം 3 വർഷം ആയിരിക്കുമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്.

4.പരാമർശം(5) സർക്കാർ ഉത്തരവ് പ്രകാരം ഏജൻസിക്ക് നൽകിയ അക്രഡിറ്റേഷന്റെ കാലാവധി അവസാനിച്ചുകഴിഞ്ഞുവെന്നും അക്രഡിറ്റേഷൻ പുതുക്കുന്നതിന് പുതുതായി അപേക്ഷ സമർപ്പിക്കാനും പരാമർശം (7) പ്രകാരം സോഷ്യോ ഇക്കണോമിക്ക് യൂണിറ്റ് ഫൗണ്ടേഷൻ എന്ന ഏജൻസിയോട് ആവശ്യപ്പെട്ടിരുന്നു. പരാമർശം (9) പ്രകാരം 11.8.2021-ന് അക്രഡിറ്റേഷൻ പുതുക്കുന്നതിന് പ്രസ്തുത സ്ഥാപനം അപേക്ഷ സമർപ്പിച്ചതിൽ പരാമർശം (10) പ്രകാരം കില റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു.

5.സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷന് അനുവദിച്ച അക്രഡിറ്റേഷന്റെ കാലാവധി ,മാർഗ്ഗരേഖ പ്രകാരം അവസാനിച്ചതിനാൽ, ടി ഏജൻസിക്ക് 24-02-2016 മുതൽ മൂന്ന് വർഷം അവസാനിച്ചതിനുശേഷം അക്രഡിറ്റഡ് ഏജൻസി എന്ന പേരിൽ കരാറിലേർപ്പെട്ടതും, നിർമ്മാണം പൂർത്തിയാക്കിയതും, നിലവിൽ നിർമ്മാണത്തിലുള്ളതുമായ പ്രവൃത്തികൾ അക്രഡിറ്റഡ് ഏജൻസി എന്ന നിലയിൽ പരിഗണിക്കുവാൻ കഴിയുമോയെന്നും പ്രവൃത്തി നിർവ്വഹണം പൂർത്തിയാക്കുന്ന മുറയ്ക്ക് പ്രവൃത്തി നിർവ്വഹണ തുക പ്രസ്തുത ഏജൻസിക്ക് കൈമാറാവുന്നതാണോ എന്നും സ്പഷ്ടീകരണം നൽകണമെന്ന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (8) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

6. പരാമർശം (5) ഉത്തരവ് പ്രകാരം ഏജൻസിക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ശുദ്ധജല പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്നതിന് സ്ഥിരമായ അക്രഡിറ്റേഷൻ അനുവദിക്കുന്നു എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്നും ഏജൻസിക്ക് നിലവിൽ അക്രെഡിറ്റേഷൻ ഇല്ലെന്ന സ്പഷ്ടീകരണം നൽകിയതോടെ, ഏജൻസിയെ നിർവ്വഹണ ഏജൻസിയായി നിശ്ചയിച്ച് ഡി.പി.സി. അംഗീകാരം ലഭിച്ച് കരാർ വെച്ച് നടപ്പിലാക്കി വന്നിരുന്ന നിരവധി പദ്ധതികൾ തുടരാൻ കഴിയാത്ത സാഹചര്യമാണെന്നും മുൻ കാലങ്ങളിൽ പൂർത്തിയാക്കിയ പ്രവർത്തികളുടെ തുക തദ്ദേശ സ്ഥാപനങ്ങൾ കൈമാറുന്നില്ലെന്നും നടപ്പിലാക്കി വരുന്ന പദ്ധതികൾ അതുവരെ ചെലവഴിച്ച ഇനത്തിൽ അനുവദിക്കേണ്ട തുക അനുവദിക്കാതെ പൂർത്തിയാക്കാൻ ആവശ്യപ്പെടുന്നുവെന്നും ഏജൻസിയെ നിർവ്വഹണ ഏജൻസിയായി നിശ്ചയിച്ച തയ്യാറാക്കിയ പദ്ധതികൾ കരാർ വെയ്ക്കാൻ സാധിക്കുന്നില്ലായെന്നും ഇതുമൂലം ഏജൻസി കടുത്ത പ്രതിസന്ധിയിലാണെന്നും ഇത് പരിഹരിക്കുന്നതിനായി, അക്രഡിറ്റേഷൻ പുതുക്കുന്നത് സംബന്ധിച്ച ഏജൻസിയുടെ അപേക്ഷയിന്മേൽ തീരുമാനമാകുന്നത് വരെ താത്ക്കാലിക അക്രഡിറ്റേഷൻ അനുവദിക്കണമെന്നും സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (9) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

7. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മാർഗ്ഗരേഖ പ്രകാരമുള്ള കാലപരിധിയ്ക്ക് ശേഷമുള്ള കാലയളവിൽ, എന്നാൽ അക്രഡിറ്റേഷൻ ഉണ്ടെന്നുള്ള വിശ്വാസത്തിൽ, സോഷ്യോ ഇക്കണോമിക്ക് യൂണിറ്റ് ഫൗണ്ടേഷൻ ഏറ്റെടുത്ത് പൂർത്തീകരിച്ചിട്ടുള്ളതും നിർവ്വഹണം നടത്തി വരുന്നതുമായ പ്രവൃത്തികൾക്ക് അംഗീകാരമില്ലാത്ത അവസ്ഥാവിശേഷം സംജാതമാകുന്നുണ്ട്. ഇത് അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും നിരവധി പ്രവൃത്തികൾ ഏറ്റെടുത്തു പൂർത്തീകരിച്ചിട്ടുള്ളതും / നിർവ്വഹണം നടത്തി വരുന്നത് എന്ന് അവകാശപ്പെടുന്ന ടി ഏജൻസിയെയും വിപരീതമായി ബാധിക്കുമെന്നത് കണക്കിലെടുത്ത് താഴെ പറയും പ്രകാരം ഉത്തരവാകുന്നു : -

(i) പരാമർശം(5) സർക്കാർ ഉത്തരവിന്റെ പ്രാബല്യം അവസാനിച്ചു ;

(ii) പരാമർശം(5) സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇതു വരെയുള്ള (ഈ ഉത്തരവ് തീയതി വരെ) കാലയളവിൽ സോഷ്യോ എക്കണോമിക്ക് യൂണിറ്റ് ഫൗണ്ടേഷന് അക്രെഡിറ്റേഷൻ ഉണ്ട് എന്നുള്ള ഉത്തമവിശ്വാസത്തിൽ, ഏറ്റെടുത്തു നടത്തിയ പ്രവർത്തികൾ പൂർത്തീകരിക്കുന്നതിനും അപ്രകാരം പൂർത്തീകരിച്ച പ്രവർത്തനങ്ങൾക്കു SEUF ന്റെ സേവനങ്ങൾ ഉപയോഗപെടുത്തിയതിനും അംഗീകാരം നൽകിക്കൊണ്ടു ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ശാരദ മുരളീധരൻ ഐ എ എസ്

അഡീഷണൽ ചീഫ് സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, സോഷ്യോ എക്കണോമിക്ക് യൂണിറ്റ് ഫൗണ്ടേഷൻ, തിരുവനന്തപുരം - 695010 .
പഞ്ചായത്ത് ഡയറക്ടർ.
നഗരകാര്യ ഡയറക്ടർ.
ഗ്രാമ വികസന കമ്മീഷണർ.
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ.
എല്ലാ ജില്ലാ ആസൂത്രണ സമിതി അധ്യക്ഷൻമാർക്കും.
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും .
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും.
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും.
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും.
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും.
എല്ലാ നഗരസഭാ ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം .
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം .
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് .
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
വിവര പൊതുജനസമ്പർക്ക(വെബ് & ന്യൂ മീഡിയ) വകുപ്പ്.
ഡയറക്ടർ ജനറൽ, കില.
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് .

കരുതൽ ഫയൽ/ഓഫീസ് കോപ്പി .

ഉത്തരവിൻ പ്രകാരം
Signed by Sureshkumar K
Date: 16-02-2022 16:45:49

സെക്ഷൻ ഓഫീസർ

പകർപ്പ്:-

ബഹു. തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്